**കാറ്റഗറി നമ്പർ : 203/2022**

**നാലാം എൻ.സി.എ. വിജ്ഞാപനം**

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ പട്ടിക വർഗ്ഗ സമുദായത്തിൽപ്പെടുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

| | | | |
|---|---|---|---|
| 1 | **വകുപ്പ്** | : | **ആരോഗ്യം** |
| 2 | **ഉദ്യോഗപ്പേര്** | : | **അസിസ്റ്റന്റ് സർജൻ/ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ** |
| 3 | **ശമ്പളം** | : | **₹ 63700 – 123700/-** |
| 4 | **ഒഴിവുകളുടെ എണ്ണം** | : | **പട്ടിക വർഗ്ഗം – 10 ഒഴിവുകൾ (പത്ത്)** |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ **25.03.2013 –** ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ **(കാറ്റഗറി നമ്പർ: 567/2012, ഗസറ്റ് തീയതി: 19.11.2012)** കാലയളവിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതു വരെയൊ എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയൊ ഏതാണോ ആദ്യം അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| **എൻ.സി.എ** | **കാറ്റഗറി നമ്പർ** | **ഗസറ്റ് തീയതി** |
|---|---|---|
| I | 487/2016 | 30/12/2016 |
| II | 161/2019 | 15/10/2019 |
| III | 101/2021 | 03/04/2021 |

മേൽ സൂചിപ്പിച്ച എൻ.സി.എ വിജ്ഞാപനങ്ങൾ പ്രകാരം പട്ടിക വർഗ്ഗ സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ആവശ്യാനുസരണം ലഭിക്കാതിരുന്നതിനാൽ പ്രസിദ്ധീകരിക്കുന്ന നാലാം എൻ.സി.എ. വിജ്ഞാപനമാണിത്.

**<u>കുറിപ്പ്</u>:**

1. ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്**(10)** വർഷത്തെ സേവനത്തിനുള്ളിൽ **(**പരിശീലന കാലമുൾപ്പെടെ**)** കുറഞ്ഞത് നാല്**(04)**വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് **(45)** വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗക്കാർക്കും ബാധകമല്ല.
2. **17.10.12** –ലെ **GO(P)No.61/12/SWD** നമ്പർ സർക്കാർ ഉത്തരവ് പ്രകാരം

ചലനവൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മാത്രമേ ടി തസ്തികയിലെ നിയമനത്തിന് യോഗ്യരായി കണ്ടെത്തിയിട്ടുള്ളൂ. ആയതിനാൽ കാഴ്ചവൈകല്യമുള്ള/അന്ധതയുള്ള ഭിന്നശേഷി വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾ ടി തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

| | | | |
|---|---|---|---|
| 5 | **നിയമന രീതി** | : | നേരിട്ടുള്ള നിയമനം (പട്ടിക വർഗ്ഗ സമുദായത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ മാത്രം) പട്ടിക വർഗ്ഗ സമുദായത്തിൽ നിന്നുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടിക ജാതിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. |
| 6 | **പ്രായപരിധി** | : | **18–47,** ഉദ്യോഗാർത്ഥികൾ 02.01.1975–നും 01.01.2004–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(1)– ഉൾപ്പെടെ)<br>(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക . ഖണ്ഡിക 2(i) ഒഴികെ). |
| 7 | **യോഗ്യതകൾ** | : | 1. മോഡേൺ മെഡിസിനിലുള്ള (എം.ബി.ബി.എസ്.) ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.<br><br>2. തിരുവിതാംകൂർ–കൊച്ചി മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ള സാധുതയുള്ള രജിസ്ട്രേഷൻ. |

**കുറിപ്പ്**

1) പ്രതിരോധ സേവനത്തിലായിരുന്നവരുടെ ഒന്നാം വർഷ സേവന കാലയളവ് ഹൗ സ് സർജൻസിയായി കണക്കാക്കുന്നതാണ്.

2) ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ചു വരവെ എം.ബി.ബി.എസ് ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികൾക്ക് നേരിട്ടുള്ള നിയമനത്തിനായുള്ള ഉയർന്ന പ്രായ പരിധി വരെയും വയസ്സിളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സിൽ കൂടാൻ പാടില്ല.

3) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള തത്തുല്യത സർട്ടിഫിക്കറ്റ്/സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

4) ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയതിൽ

നിന്ന് വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

5) KS & SSR പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

8. **അപേക്ഷകൾ അയക്കേണ്ട രീതി**

എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും passwordഉം ഉപയോഗിച്ച് log in ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ **31/12/2012**-ന് ശേഷം എടുത്തതായിരിക്കണം. **01.01.2022 മുതൽ പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ് ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന

സ്ഥിരീകരണം(Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

സി) വിദ്യാഭ്യാസം, തൊഴിൽപരിചയം തുടങ്ങിയ യോഗ്യതകൾ സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകുകയും, ശേഷം Confirmation നൽകി പരീക്ഷയ്ക്ക് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ **KPSC Rules of Procedure, Rule 22** പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9 **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 20-07-2022 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

10 **അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം:** www.keralapsc.gov.in

(ഫോട്ടോ, ഐ.ഡി. കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് - 2 - ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**